# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 8/1860/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 8/1860/23 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു റിയാസുദ്ദീൻ.എസ് | ജോയിന്റ് ഡയരക്ടർ | 04-12-2023 | 11-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 11-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. പ്രസീതകുമാരി. എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈനി. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ (05-12-2023 മുതൽ 11.12.2023വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി. ഗിരിജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പുരുഷോത്തമൻ. പി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമ. സി.എസ് | ചൈൽ ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 01-04-2022 | 15-12-2022 |
| ശ്രീമതി. ഷീജ. കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ (ഇൻ ചാർജ്ജ് ഓഫ് സിഡിപിഒ) | 16-12-2022 | 21-12-2022 |
| ശ്രീമതി. പുഷ്പലത. പി | ചൈൽ ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 22-12-2022 | 31-03-2023 |
| ശ്രീമതി. വിജ്ഞ മോൾ. ഡി | അസിസ്റ്റന്റ് എക്സിക്യൂറ്റീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീബ മറിയം | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനം) | 01-04-2022 | 04-07-2022 |
| ശ്രീമതി. സുനിത. പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ് - ചോറോട് ഗ്രാമപഞ്ചായത്ത്)) | 05-07-2022 | 29-07-2022 |
| ശ്രീമതി. അശ്വതി ശ്രീധരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ഡോ. ഉസ്മാൻ. പി.കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-07-2022 |
| ഡോ. ഉഷ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-08-2022 | 31-03-2023 |
| ശ്രീ. ശ്രീജിത്ത്. സി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സജീവൻ. ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിശ്വൻ കോറോത്ത് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. നൌഷാദ്. കെ.ഇ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 13-10-2022 |
| ശ്രീമതി. ശുഭ. സി.വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 14-10-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-3 |
| 5 | എസിആറിലെയും വാർഷികകണക്കിലെയും നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-7 |
| 9 | വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-9 |
| 11 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചില്ല | 1-1-10 |
| 12 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | മാമ്പള്ളി താഴെ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 1-8 |
| 20 | പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം - തോടിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവൃത്തി ചെയ്തതും മറ്റപാകതകളും | 1-9 |
| 21 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 1-10 |
| 22 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. | 1-11 |
| 23 | റീബോൺ ഭിന്നശേഷി സമഗ്രവികസന പദ്ധതി - വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ | 1-12 |
| 24 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തന സജ്ജമായില്ല | 1-13 |
| 25 | ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകതകൾ | 1-14 |
| 26 | പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-15 |
| 27 | വാടക - അപാകതകൾ | 1-16 |
| 28 | മുറിച്ചിട്ട മരം - ലേല നടപടികൾ പൂർത്തിയാക്കിയില്ല | 1-17 |
| 29 | കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറുകൾക്കും സോഫ്റ്റ് വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററില്ല | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മാമ്പള്ളി താഴെ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 3-1 |
| 2 | പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം - തോടിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവൃത്തി ചെയ്തതും മറ്റപാകതകളും | 3-2 |

| | | |
|---|---|---|
| 3 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടകര ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.**

തൊഴിലുറപ്പ് വിഭാഗത്തിലെ കരാർ ജീവനക്കാരുടെ വേതനം ഇനത്തിൽ തനതുഫണ്ടിൽ നിന്ന് മുൻകൂർ ആയി ചെലവഴിച്ച തുകകൾ RP - 47 ഷെഡ്യൂളിൽ Advance ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നതിന് പകരം തുക നൽകിയ ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തി.

**1-1-4 എസിആറിലെയും വാർഷികകണക്കിലെയും നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാനവിഹിതം, പ്രത്യേക ഉദ്ദേശ്യഗ്രാന്റ് എന്നീ ഇനങ്ങളിൽ PFMS മുഖേന ലഭിച്ച തുകകളുടെ 31.3.23ലെ നീക്കിയിരിപ്പ് എസിആറിലും ബാലൻസ് ഷീറ്റിലെ ബി4-ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് | ബി4-ഷെഡ്യൂൾ പ്രകാരമുള്ള തുക | എ സി ആർ പ്രകാരമുള്ള തുക |
|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് - അടിസ്ഥാന വിഹിതം | 20,84,932 | 25,16,349 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് - പ്രത്യേക ഉദ്ദേശ്യഗ്രാന്റ് | 44,08,628 | 38,68,995 |
| ആകെ | 64,93,560 | 63,85,344 |

**1-1-5 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചില്ല**

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 18 ലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 13,24,890 രൂപയുടെ വർഷം/ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല.

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

2021-22 വർഷത്തെ ബാലൻഷീറ്റിലെ ഷെഡ്യൂൾ ബി 7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 5,26,256രൂപ ബാധ്യതയുണ്ട്. 2022-23 വർഷത്തിൽ ഈയിനത്തിൽ 94,754 രൂപ വരവും (ആർ.പി.27 പ്രകാരം) 42,500 രൂപ റീഫണ്ടുമുണ്ട്. 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 ൽ 5,78,510 രൂപയാണ് ബധ്യതയായി കാണിക്കേണ്ടതെങ്കിലും 6,86,465രൂപയാണ് കാണിച്ചിട്ടുള്ളത്. 1,07,955 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

**1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-8 വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

RP-43 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ 34,045രൂപ വരവും B-15 ഷെഡ്യൂൾ പ്രകാരം 8,455

രൂപ കുടിശ്ശികയുമുണ്ട്. വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-9 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല**

വാടക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള 8,455രൂപയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-10 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചില്ല**

ശുചിത്വ മിഷൻ ഗ്രാന്റ്, MPLAD, നിർമൽ പുരസ്കാർ എന്നീ ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

**1-1-11 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല**

ജനറൽ പർപ്പസ് ഫണ്ട് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

**1-2 ബജറ്റ്**

വടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 1 (1) നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 25.03.2023 തീയതിയിലെ 1 (1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 18,19,995 |
| വരവ് | 5,63,68,000 |
| ആകെ | 5,81,87,995 |
| ചെലവ് | 5,55,07,720 |
| നീക്കിയിരിപ്പ് | 26,80,275 |

**1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)**

| | |
|---|---:|
| മുന്നിരിപ്പ് | 73,98,536 |
| വരവ് | 6,55,88,599 |
| ആകെ | 7,29,87,135 |
| ചെലവ് | 6,28,22,897 |
| നീക്കിയിരിപ്പ് | 1,01,64,238 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട/ നിക്കീയിരിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | 0 | 2,38,90,000 | 2,38,90,000 | 2,05,70,766 | 33,19,234 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 20,06,000 | 20,06,000 | 16,74,600 | 3,31,400 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | | 0 | 42,35,000 | 42,35,000 | 33,55,741 | 8,79,259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്), | ട്രഷറി | 0 | 14,40,127 | 14,40,127 | 10,72,920 | 3,67,207 |
| | ബാങ്ക് | 44,08,628 | 57,78,000 | 1,01,86,628 | 63,17,633 | 38,68,995 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്), | ട്രഷറി | 0 | 0 | 0 | 0 | 0 |
| | ബാങ്ക് | 9,51,186 | 40,96,189 | 50,47,375 | 25,31,026 | 25,16,349 |

(കുറിപ്പ് : സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള അപാകത ഖണ്ഡിക 1-1-4 ൽ സൂചിപ്പിച്ചിട്ടുണ്ട്.)

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 22 | 16233980 | 12011747 | 74% |
| സി.ഡി.പി.ഒ | 11 | 10 | 5270000 | 3682933 | 70% |
| മെഡിക്കൽ ഓഫീസർ (സിഎച്ച്.സി.) | 7 | 7 | 5413040 | 5117266 | 95% |
| പട്ടിക ജാതി വികസന ഓഫീസർ | 3 | 3 | 871000 | 635928 | 73% |
| കൃഷി അസി. ഡയറക്ടർ | 5 | 5 | 750500 | 601188 | 80% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 7855000 | 2243919 | 29% |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 3737000 | 1310924 | 35% |
| അസി. എക്സി. എഞ്ചിനീയർ | 6 | 6 | 8597104 | 7426832 | 86% |
| അസി. എഞ്ചിനീയർ | 28 | 22 | 17229281 | 9828823 | 57% |
| ആകെ | 94 | 81 | 65956905 | 42859560 | 65% |

ഡി.പി.സി. അംഗീകാരം ലഭിച്ച 94 പ്രൊജക്ടുകളിൽ 81എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 65956905/- രൂപ വകയിരുത്തിയതിൽ 42859560/- രൂപ (65%) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ പദ്ധതി ചെലവുകൾ വളരെ കുറവാണ്.

ശിശു വികസന ഓഫീസർ നടപ്പിലാക്കിയ റീ-ബോൺ സമഗ്രവികസന പദ്ധതിയിലേക്ക് വാഹനം വാടകക്ക വിളിച്ചതുമായി ബന്ധപ്പെട്ട് വാടകക്കാരനുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെക്കാത്തത് സംബന്ധിച്ച അപാകത ഖണ്ഡിക 1-12 ആയി ഉൾപ്പെടുത്തിയത് കാണുക. പൊതുമരാമത്ത് പദ്ധതികളിൽ അസി. എക്സി. എഞ്ചിനീയർ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കി സർക്കാർ ഫണ്ടിന് അധിക ചെലവു നടത്തിയത് സംബന്ധിച്ച് ഖണ്ഡിക 1-8 , 1-10 എന്നിങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ തോടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ തോടിന്റെ അടിഭാഗം മുഴുവൻ കോൺക്രീറ്റ് ചെയ്ത് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ഖണ്ഡിക 1-9 ആയി പ്രതിപാദിച്ചിട്ടുണ്ട്. അതേ സമയം ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ തൊഴിൽ സംരംഭക വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയ പദ്ധതിയിൽ തൻവർഷത്തെ എല്ലാ ഗ്രൂപ്പുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നത് എടുത്തു പറയത്തക്കതാണ്. ഗ്രൂപ്പുകൾ സബ്സിഡി തുക പൂർണ്ണമായും ബാങ്ക് ലോണിലേക്ക് തിരിച്ചടച്ച് അവരുടെ കട ബാധ്യതകൾ കുറച്ചത് പദ്ധതിയുടെ വിജയമായി കാണുന്നു. തുടർന്നും ടി ഗ്രൂപ്പുകളുടെ പ്രവർത്തനം ബ്ലോക്ക് തലത്തിൽ മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

വടകര ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നതായി കാണുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പരിതാപകരമാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. വാടക രജിസ്റ്റർ തീരെ എഴുതി സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും അവ രേഖപ്പെടുത്തിയ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രൊജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് ഒപ്പു വെച്ച് അധികൃതമാക്കുന്നുണ്ട്. 21.11.2022 ന് കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2023 -ാം തീയതി 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 മാമ്പള്ളി താഴെ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നം. - 53/23, മാമ്പള്ളി താഴെ തോട് സംരക്ഷണം

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നിർവ്വഹണം നടത്തിയതാണ് മേൽ പദ്ധതി. തോടിന്റെ സൈഡ് കരിങ്കല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ

കൊടുക്കുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം. 6 ആയി തോടിന്റെ സൈഡ് കട്ട് ചെയ്യൽ, തോടിന്റെ ആഴം കൂട്ടൽ, ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കൽ എന്നീ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. തോടിന്റെ സൈഡ് കട്ട് ചെയ്യൽ, തോടിന്റെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾക്ക് DSRലെ ഇനം 2.6.1 ഉം ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഇനം 2.8.1 ഉം ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവുപുസ്തകം 65/22 പേജ് 5,6,9,12,29,33 എന്നിവ പ്രകാരം 495.02M3 മണ്ണെടുത്ത് മാറ്റുന്നതിന് 699.60രൂപ നിരക്കിൽ 3,46,315.99രൂപ ചെലവഴിച്ചിട്ടുണ്ട്. ഐറ്റം 2.6.1, 2.8.1 എന്നിവ ഉപയോഗപ്പെടുത്താതിരുന്നതിനാൽ 2,32,091രൂപയുടെ അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

2. മേൽ പ്രവൃത്തിയിൽ ബാക്കിയുള്ള ഇനങ്ങൾക്ക് DSRനു പകരം MORD ലുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനങ്ങളുടെ ഡാറ്റ പരിശോധിച്ചാൽ ഓവർഹെഡ് ചാർജ് 7.5% നു പകരം 10% നൽകിയിട്ടുണ്ടെന്ന് കാണാം. തോട് സംരക്ഷണ പ്രവൃത്തിയ്ക്ക് റോഡ് പ്രവൃത്തിയ്ക്ക് നൽകേണ്ട 10% ഓവർഹെഡ് ചാർജ് അനുവദിച്ചതിനാൽ 54,166രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കായി ഖണ്ഡിക 3-1 കാണുക.

## 1-9 പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം - തോടിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവൃത്തി ചെയ്തതും മറ്റപാകതകളും

പാനവയൽ പേരുള്ളിത്തോട് സംരക്ഷണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി ഓരോ പദ്ധതികൾ വീതം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

എ). നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നം. - 30/23(സ്പിൽ ഓവർ), പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം - ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം കോൺക്രീറ്റ് സൈഡ് കെട്ട്, തോടിന്റെ അടിവശം ക്വാറിമക്കിട്ടുയർത്തി കോൺക്രീറ്റ് ചെയ്യൽ, കലുങ്കുകൾ നിർമ്മിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ബി). നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 40/23, പാനവയൽ പേരുള്ളിത്തോട് രണ്ടാം ഘട്ടം

ക്രമ നം.(എ) പ്രകാരമുള്ള പദ്ധതിയുടെ തുടർച്ചയായി 2022-23 വർഷം തയ്യാറാക്കിയതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം കോൺക്രീറ്റ് സൈഡ് കെട്ട്, തോടിന്റെ അടിവശം ക്വാറിമക്കിട്ടുയർത്തി കോൺക്രീറ്റ് ചെയ്യൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ തോടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ തോടിന്റെ അടിഭാഗം മുഴുവൻ കോൺക്രീറ്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല.

തോടിന്റെ ആഴവും വീതിയും കൂട്ടി രണ്ട് ഭാഗവും കരിങ്കല്ല് കെട്ടി സംരക്ഷിക്കുന്നതിന് പകരം ഡ്രെയിനേജ് നിർമ്മിക്കുന്ന രീതിയിൽ രണ്ട് ഭാഗവും നിലവും കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ച് ഒരു തുള്ളി

വെള്ളം പോലും ഭൂമിയിലേക്കിറങ്ങാത്ത രീതിയിൽ അശാസ്ത്രീയമായാണ് പ്രവൃത്തി നടത്തിയിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ച്, തോടിന്റെ സമീപത്ത് പ്രവർത്തിക്കുന്ന സുനിൽകുമാർ മെമ്മോറിയൽ സോഷ്യൽ സ്റ്റഡി സെന്റർ, ഒഞ്ചിയം എന്ന സ്ഥാപനം പരാതി നൽകിയിരുന്നു. വെള്ളം കൂടുതൽ തങ്ങി നിൽക്കാതെ ഒഴുകിപ്പോകാൻ വേണ്ടിയാണ് നിലം കോൺക്രീറ്റ് ചെയ്തത് എന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയത്. തോടിന്റെ നിലം കോൺക്രീറ്റ് ചെയ്യാനുള്ള ആവശ്യം ഉയർന്ന് വന്നത് എവിടെ നിന്നാണെന്ന് വ്യക്തമല്ല.

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം. 3 ആയി ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്ക് ഇനം 2.8.1 ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. ഐറ്റം 2.8.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കായി ഖണ്ഡിക 3-2 കാണുക

## 1-10 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

1. പ്രൊജക്ട് നം. - 26/23, ചാത്തോത്ത് താഴെ ചെറുവങ്ങാട്ട് കുനി തോട് - ഒഞ്ചിയം പഞ്ചായത്ത്
2. പ്രൊജക്ട് നം. - 8/23, കാപ്പൊയിൽ പന്തയിൽ പൊയിൽ തോട് നിർമ്മാണം

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്ക് ഇനം 2.8.1 ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. ഐറ്റം 2.8.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ 32369രൂപയുടെ അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

2. ക്രമനം.1 പ്രകാരമുള്ള പ്രവൃത്തിയിൽ തോടിന്റെ സൈഡ് കോൺക്രീറ്റ് ചെയ്തതിന് MORD ലെ ഇനം 11.4.2.1 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ ഓവർഹെഡ് ചാർജ് 7.5% നു പകരം 10% നൽകിയിട്ടുണ്ടെന്ന് കാണാം. തോട് സംരക്ഷണ പ്രവൃത്തിയ്ക്ക് റോഡ് പ്രവൃത്തിയ്ക്ക് നൽകേണ്ട 10% ഓവർഹെഡ് ചാർജ് അനുവദിച്ചതിനാൽ 6,382രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കായി ഖണ്ഡിക 3-3 കാണുക.

## 1-11 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക പ്രിൻസിപ്പൽ ഡയരക്ടറേറ്റിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ആകുന്നത്. ഇ-ടെണ്ടർ ആരംഭിച്ച 2015-16 വർഷം മുതൽ 2021-22 വർഷം വരെ ഈയിനത്തിലെ തുക പ്രസ്തുത അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത്. ഈ തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും, നാളിതു വരെ ഈയിനത്തിൽ എത്ര തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന വർഷം തിരിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 റീബോൺ ഭിന്നശേഷി സമഗ്രവികസന പദ്ധതി – വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| പദ്ധതി നമ്പർ | 13/23 |
| പദ്ധതിയുടെ പേര് | റീബോൺ ഭിന്നശേഷി സമഗ്രവികസന പദ്ധതി |
| അടങ്കൽ (രൂപ) | 16,40,000/- |
| ചെലവ് (രൂപ) | 14,32,846/- |

2021-22 വർഷം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന റീ-ബോൺ സമഗ്ര വികസന പദ്ധതി (പ്രോജക്ട് നം. 28/21) നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതി ഏക വർഷ പ്രോജക്ടാണ്. ആയതിനാൽ 2022 മാർച്ച് 31 വരെ ആയിരുന്നു കാലാവധി. ഈ പ്രൊജക്ട് തുടർന്നും നടത്തുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷം പുതിയ പദ്ധതിയായി സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ പദ്ധതിയിലേക്ക് 2022 ഏപ്രിൽ 1 മുതൽ ഭിന്നശേഷിക്കാരായ കുട്ടികളെ വീടുകളിൽ നിന്നും തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിനും തിരികെ വീടുകളിൽ എത്തിക്കുന്നതിനും ഭരണസമിതി തീരുമാന പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വണ്ടി വാടകക്ക് ഏർപ്പെടുത്തിയിരുന്നു. വാഹന ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതുവരെ പ്രസ്തുത വാഹനം ഓടിക്കുന്നതിനും ഡ്രൈവർക്ക് വേതനം നൽകുന്നതിനും ഭരണ സമിതിയുടെ തീരുമാനം കൈക്കൊള്ളുന്നതിനായി ശിശുവികസന പദ്ധതി ഓഫീസർ 25/03/2022ന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 06.04.2022ലെ ഭരണസമിതിയുടെ 3/3 നമ്പർ തീരുമാന പ്രകാരം വാഹനം ടെണ്ടർ നടപടിയിലൂടെ ലഭ്യമാകുന്നത് വരെ 2021-22 വർഷത്തിൽ ഏർപ്പെടുത്തിയ വാഹനം തുടർന്നും ഉപയോഗിക്കുന്നതിനും നിലവിലെ നിരക്കിൽ വേതനം നൽകുന്നതിനും ശിശു വികസന പദ്ധതി ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2022-23 റീ-ബോൺ സമഗ്രവികസന പദ്ധതി പ്രകാരം റീ-ബോൺ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് വണ്ടി (ഡ്രൈവർ ഉൾപ്പടെ) നിയമിക്കുന്നതിന് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള പരസ്യം ബ്ലോക്ക് പഞ്ചായത്ത് ദേശാഭിമാനി പത്രത്തിൽ നൽകിയിരുന്നു. റീ-ടെണ്ടറിൽ ജിനീഷ് .ബി, ബംഗ്ലാവിൽ, വടകര എന്ന ഒരാൾ മാത്രമാണ് പങ്കെടുത്തത്. 1390/-രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചത് (ഭരണ സമിതി തീരുമാനം നമ്പർ 3(4) തീയ്യതി 20/07/2022). ആയത് ഒരു ദിവസത്തേക്കാണോ അതോ നിശ്ചിത കിലോമീറ്ററുകൾ വരെയാണോ എന്നത് വ്യക്തമല്ല. ടെണ്ടർ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ ഫോമിൽ ശ്രീ.പ്രസിൽ എന്നയാളുടെ പേര് ശ്രീ.ജിനീഷ് (നിലവിലുള്ള ഡ്രൈവർ) എന്നാക്കി തിരുത്തിയിട്ടുണ്ട്. ശ്രീ.ജിനീഷിന്റെ പേര് സാക്ഷികൾക്ക് ഒപ്പിടാനുള്ള കോളത്തിൽ നിന്ന് വെട്ടിമാറ്റിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.ജിനീഷ് ഓടിക്കുന്ന വാഹനത്തിന്റെ നമ്പർ KL-18-W 4090 ആണ്. ടി വാഹനത്തിന്റെ ആർ.സി ബുക്കിന്റെ കോപ്പി പരിശോധിച്ചതിൽ പ്രസ്തുത വാഹനം ശ്രീ.പ്രസിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് കാണുന്നു. ടെണ്ടർ ഫോറത്തിനോടൊപ്പം മോട്ടോർ ക്യാമ്പ് പെർമിറ്റും, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റും വച്ചിട്ടുണ്ട്.

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വാഹനം ഓടിച്ചതിൽ ശ്രീ.ജിനീഷ് എന്നയാൾക്ക് നിശ്ചിത തുക വീതം ഓരോ മാസവും കൈമാറിയിട്ടുണ്ട്. ടി തുകയുടെ കൃത്യത പരിശോധിക്കുന്നതിനു ടിയാനുമായി വച്ചിട്ടുള്ള എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാഹനത്തിന്റെ ഉടമസ്ഥനുമായാണ് കരാറൊപ്പിടേണ്ടത്. തുക കൈമാറേണ്ടത് എഗ്രിമെന്റ് പ്രകാരം

നിശ്ചയിക്കുന്നയാളുടെ ബാങ്ക് അക്കൌണ്ടിലേക്കാണ്. ശ്രീ. ജിനീഷിന്റെ അക്കൌണ്ടിലേക്ക് തുക മാറുന്നതിനായുള്ള, ശിശുവികസന പദ്ധതി ഓഫീസറുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ കിലോമീറ്ററിന് 17 രൂപ പ്രകാരം വാഹനം ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ടെന്നാണ് ചേർത്തിട്ടുള്ളത്. ഏപ്രിൽ മാസം വണ്ടി വാടകയിനത്തിൽ ടിയാന് 27,000/- രൂപ (ബിൽ നമ്പർ (BRN) 22170363011000116737 തീയതി 19.05.2022ന്) കൈമാറിയിട്ടുണ്ട്. ബില്ലിനോടൊപ്പം ലഭ്യമാക്കിയ ട്രിപ് ഷീറ്റ് പ്രകാരം 1050 കിലോ മീറ്ററാണ് (ട്രിപ് ഷീറ്റ് പ്രകാരം വണ്ടി ഓടിയ തീയതി/കിലോമീറ്റർ 01.04.2022 - 30.04.2022/82555KM - 83605KM) വാഹനം ഓടിയിട്ടുള്ളതെന്ന് കാണുന്നു. കിലോമീറ്ററിന് 17 രൂപ കണക്കിൽ എപ്രകാരമാണ് 27,000/- രൂപ കൈമാറിയിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഒരു ദിവസത്തിന് 1390 രൂപ പ്രകാരമാണെങ്കിൽ ഏപ്രിൽ മാസം എത്ര ദിവസമാണ് വണ്ടി ഓടിയിട്ടുള്ളത് എന്ന് ഉറപ്പിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2022 ആഗസ്റ്റ് മാസം വണ്ടി ഓടിയ ഇനത്തിൽ 31970/- രൂപ ടിയാന് കൈമാറിയിട്ടുണ്ട്. ബില്ലിനോടൊപ്പം ട്രിപ്പ് ഷീറ്റ് വച്ചിട്ടില്ല. കൂടാതെ ശ്രീ. ജിനീഷ് ലഭ്യമാക്കിയ രസീതി പ്രകാരം 23 ദിവസം വാഹനം ഓടിച്ചതിനാണ് 31970/- രൂപ കൈമാറിയിട്ടുള്ളത്. തുകയുടെ കൃത്യത പരിശോധിക്കാൻ രേഖകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല. (ബിൽ നമ്പർ (BRN) 22170363011000493451 തീയതി 01.09.2022ന്). വാടകയ്ക്ക് വാഹനം ഉപയോഗപ്പെടുത്തുന്നതിനായി വാഹനയുടമയുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ വാടകയിനത്തിൽ നൽകിയ 3,29,530/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ബില്ലുമായി ബന്ധപ്പെട്ട വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ബിൽ നമ്പർ/ തീയതി | തുക രൂപ |
|---|---|
| 02/09.05.2022 | 19500 |
| 08/19.05.2022 | 27000 |
| 22/22.06.2022 | 39150 |
| 39/02.08.2022 | 36140 |
| 55/01.09.2022 | 31970 |
| 80/01.10.2022 | 25650 |
| 96/03.11.2022 | 29190 |
| 134/07.12.2022 | 33360 |
| 159/06.01.2023 | 29190 |
| 200/17.02.2023 | 29190 |
| 229/10.03.2023 | 29190 |
| ആകെ | 329530 |

## 1-13 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തന സജ്ജമായില്ല

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ

എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വടകര ബ്ലോക്ക് പഞ്ചായത്തിൽ 2021-22 വർഷം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് പ്രൊജക്ട് നം. 64/22 ആയി 33,46,920രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിക്കുകയും 2022-23വർഷം കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുരുഷൻമാർക്കും സ്ത്രീകൾക്കും രണ്ട് ടോയ്‌ലറ്റ് വീതം, ഭിന്നശേഷിയുള്ളവർക്കായി 1 ടോയ്‌ലറ്റ്, ഫീഡിംഗ് റൂം എന്നീ സൗകര്യങ്ങൾ വിശ്രമകേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. ദേശീയ പാതയിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ആവശ്യമായ സൗകര്യങ്ങളോടെ നിർമ്മിക്കപ്പെട്ട സംവിധാനം തികച്ചും അനുയോജ്യമായ സ്ഥലത്തുതന്നെയാണ് സ്ഥിതി ചെയ്യുന്നത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഓഡിറ്റ് തീയതി വരെ ഇത് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. വിശ്രമകേന്ദ്രം പ്രവർത്തനക്ഷമമാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ക്വട്ടേഷൻ ക്ഷണിച്ചതിലെ അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| പദ്ധതി നമ്പർ | 85/23 |
| പദ്ധതിയുടെ പേര് | മടിത്തട്ട് സമഗ്ര വയോജന പരിപാലന പദ്ധതി |
| അടങ്കൽ (രൂപ) | 1,00,000/- |
| ചെലവ് (രൂപ) | 73,325/- |
| ബിൽ നമ്പർ | BRN – 22170363011001466580 തീയതി - 24.03.2023 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് വയോജന സംഗമം, വയോജന കലോത്സവം എന്നിവ 18.03.2023ന് വടകര ബ്ലോക്ക് പഞ്ചായത്തിൽ വച്ച് നടത്തിയിട്ടുണ്ട്. പ്രസ്തുത പരിപാടിയിലേക്ക് വയോജനങ്ങൾക്ക് ഉപഹാരം നൽകുന്നതിനും, പരിപാടി ദിവസം സൌകര്യങ്ങൾ ഒരുക്കുന്നതിനും (മൈക്ക്, സ്റ്റേജ്, ജനറേറ്റർ), വിവിധ സാധനങ്ങൾ വാങ്ങുന്നതിനും മറ്റും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ക്വട്ടേഷൻ പ്രകാരം കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സൌകര്യം ലഭ്യമാക്കുന്നതിന് 28.02.2023 തീയതിൽ നടന്ന യോഗത്തിൽ 5(5) തീരുമാന പ്രകാരം ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഭരണ സമിതി അംഗീകരിച്ച ലിസ്റ്റിലെ സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയത് ഭരണ സമിതിയുടെ തീരുമാനത്തിന് ശേഷം 20 ദിവസം കഴിഞ്ഞാണെന്ന് കാണുന്നു. സ്ഥാപനങ്ങൾ ലഭ്യമാക്കിയ എല്ലാ ക്വട്ടേഷനിലും തീയതി തിരുത്തിയിട്ടുണ്ട്. എന്നാൽ വയോജനങ്ങൾക്ക് ഉപഹാരം നൽകുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ ഒന്നിൽ തിയ്യതി തിരുത്തിയിട്ടില്ല (അജന്ത സ്റ്റാഷനറി മാർട്ട്- രേഖപ്പെടുത്തിയ തീയതി 16.03.2023). ക്വട്ടേഷൻ അപേക്ഷ

ക്ഷണിക്കുന്നതിന് മുൻപ് തന്നെ ഏത് സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങണം എന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സൌകര്യം ലഭ്യമാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013, 7.6 പ്രകാരം എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിലും 100000 രൂപ (ഒരു ലക്ഷം രൂപ) വരെ മൂല്യവുമുള്ള സ്റ്റോറുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഷോർട്ട് ക്വട്ടേഷൻ നോട്ടീസ് (അനക്സർ 11) ഓഫീസിന്റെ നോട്ടീസ് ബോർഡിലും അടുത്തുള്ള പ്രധാന പൊതു സ്ഥലങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. ക്വട്ടേഷൻ സമർപ്പിക്കുവാൻ ക്വട്ടേഷൻ നോട്ടീസ് തിയതി മുതൽ അഞ്ചു പ്രവൃത്തി ദിവസങ്ങൾ വിതരണക്കാരന് അനുവദിക്കേണ്ടതാണ്. മൂന്നു ക്വട്ടേഷനുകൾ ലഭ്യമാക്കേണ്ടതാണ്. (ഖ. 7.31).

മേൽ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല

2022-23 വർഷത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന മുറി നിർമ്മാണത്തിന്റെ ഗുണഭോക്താവായ ശ്രീ. ഷിജു പി.കെ. എന്നയാൾ ഒന്നാം ഗഡു 21.11.2022 നും രണ്ടാം ഗഡു 9.11.2023 നുമായി ആകെ 1,25,000/- രൂപയാണ് കൈപ്പറ്റിയത്. നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയുടെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 5.12.2023 ന് നൽകിയ 20ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു വർഷം കഴിഞ്ഞിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി കൊണ്ടുള്ള പ്രയോജനം ഗുണഭോക്താവിന് യഥാസമയം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-16 വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഫിഷറീസ് വകുപ്പിന്റെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത അഴിയൂരിലെ സംഗമം ആക്റ്റിവിറ്റി ഗ്രൂപ്പിലെ അംഗങ്ങളാണ് ടി കെട്ടിടത്തിൽ സീ ഫുഡ് കിച്ചൻ എന്ന ക്യാന്റീൻ നടത്തി വരുന്നത്. സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം മുൻ നിർത്തി വടകര ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന (20.07.2022ലെ 8/2) പ്രകാരം മുൻകാല പ്രാബല്യത്തോടെ ഒരു വർഷത്തേക്ക് (01.08.2022 മുതൽ 31.07.2023 വരെ) 3653/- രൂപ മാസ വാടക എല്ലാ മാസവും നൽകാൻ നിശ്ചയിച്ച് കൊണ്ട് കരാർ വച്ചിട്ടുണ്ട്.

1. 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം 3,095/- രൂപയും മുൻവർഷത്തിലെ 5,360/-രൂപ കുടിശ്ശികയുള്ളതുമായി കാണുന്നു. നാളിതുവരെ കുടിശ്ശിക ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ഈടാക്കി അറിയിക്കേണ്ടതാണ്.

2. സ്ഥാപനം വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രതിമാസം ഡിമാന്റ് കളക്ഷൻ ബാലൻസ്, വാടക ലഭിക്കുന്ന രസീതി നമ്പർ തീയതി സഹിതം എഴുതി വർഷാവസാനം സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതാണ്.

3. സ്ഥാപനത്തിൽ വാടക ബൈലോ തയ്യാറാക്കിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. നിയമം അനുശാസിക്കും പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

### 1-17 മുറിച്ചിട്ട മരം - ലേല നടപടികൾ പൂർത്തിയാക്കിയില്ല

| | |
|---|---|
| വൗച്ചർ നമ്പർ | 22200011 |
| തിയ്യതി | 6.4.2022 |
| തുക | 31,000/- |

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റിയതിന് തനതു ഫണ്ടിൽ നിന്നും മേൽ വൗച്ചർ പ്രകാരം 31,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി മരങ്ങളുടെ വാല്യവേഷൻ, ലേല നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 7.12.2023 ന് നൽകിയ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 8.12.2023 ന് മറുപടി ലഭ്യമാക്കുകയുണ്ടായി. മുറിച്ചു മാറ്റിയ മരങ്ങൾക്ക് 1,72,668/- രൂപ കോഴിക്കോട് ഡി.എഫ്.ഒ. വില നിശ്ചയിച്ചിരുന്നുവെങ്കിലും 7.3.2022, 18.3.2022 തിയ്യതികളിൽ ക്വട്ടേഷൻ/ പുനർ ക്വട്ടേഷൻ വിളിച്ചിട്ടും ക്വട്ടേഷനിൽ ആരും പങ്കെടുക്കുകയുണ്ടായില്ല എന്നാണ് മറുപടിയിൽ പരാമർശിച്ചത്. വില പുനർനിർണ്ണയം നടത്തുന്നതിന് വനം വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന് സി.എച്ച്.സി. മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 26.4.2023 ന് വിപുലമായ രീതിയിൽ പത്രപരസ്യം നൽകി ലേലം വിളിച്ചെങ്കിലും ലേലത്തിൽ ഒരാൾ മാത്രം പങ്കെടുക്കുകയും പിന്നീട് ടിയാൻ നിരതദ്രവ്യം തിരികെ വാങ്ങി പോകുകയാണ് ഉണ്ടായതെന്നും കത്തിൽ പറയുന്നു. മേൽ മരങ്ങൾ പരസ്യമായി ലേലം ചെയ്ത് ഇതിൽ ലഭിക്കുന്ന ഉയർന്ന വിലക്ക് വിൽക്കുവാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സി.എച്ച്.സി. മെഡിക്കൽ ഓഫീസർ ജില്ലാ മെഡിക്കൽ ഓഫീസറോട് 17.4.2023 ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ മാർഗ്ഗ നിർദ്ദേശം തേടാനാണ് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചത്. തുടർന്ന് 7.6.2023 ന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കളക്ടറിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സി.എച്ച്.സി. മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടില്ല. മുറിച്ചിട്ട മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിനു മുമ്പായി ലേലം ചെയ്ത് തുക തനതു ഫണ്ടിൽ മുതൽ കൂട്ടാൻ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. അതുവരെ ചെലവു തുക 31,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 1-18 കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറുകൾക്കും സോഫ്റ്റ് വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററില്ല

കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതു സംബന്ധിച്ച് 24-9-2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലറിൽ ധനവകുപ്പ് പ്രകാരം പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഹാർഡ് വെയറുകളുടെ സ്റ്റോക്കുകൾക്കു പുറമേ ഓഫീസുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെ വിശദാംശങ്ങൾ കൂടി സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതാണ്. മേൽ സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് ഓരോ 6 മാസം കൂടുമ്പോൾ അല്ലെങ്കിൽ പുതിയ സിസ്റ്റം വാങ്ങുമ്പോഴോ പുതിയ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുമ്പോഴോ ഒഴിവാക്കുമ്പോഴോ രജിസ്റ്റർ കാലികമാക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ് വെയറുകൾക്കും ഒരു സ്റ്റോക്ക് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാമ്പള്ളി താഴെ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്റ്റ് നം. - 53/23, മാമ്പള്ളി താഴെ തോട് സംരക്ഷണം

അടങ്കൽ - 32,78,000, നഗരസഞ്ചയ ഫണ്ട്

ചെലവ് തുക - 32,20,937/-, ബിൽ നം. 276/24.3.23

കരാറുകാരൻ - ULCCS

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നിർവ്വഹണം നടത്തിയതാണ് മേൽ പദ്ധതി. തോടിന്റെ സൈഡ് കരിങ്കല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം. 6 ആയി തോടിന്റെ സൈഡ് കട്ട് ചെയ്യൽ, തോടിന്റെ ആഴം കൂട്ടൽ, ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കൽ എന്നീ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. തോടിന്റെ സൈഡ് കട്ട് ചെയ്യൽ, തോടിന്റെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾക്ക് DSRലെ ഇനം 2.6.1 ഉം ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഇനം 2.8.1 ഉം ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. അളവുപുസ്തകം 65/22 പേജ് 5,6,9,12,29,33 എന്നിവ പ്രകാരം 495.02M3 മണ്ണെടുത്ത് മാറ്റുന്നതിന് 699.60രൂപ നിരക്കിൽ 3,46,315.99രൂപ ചെലവഴിച്ചിട്ടുണ്ട്. ഐറ്റം 2.6.1, 2.8.1 എന്നിവ ഉപയോഗപ്പെടുത്താതിരുന്നതിനാൽ താഴെ കൊടുക്കും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ചെയ്ത പ്രവൃത്തി | ചെയ്ത അളവ്/നൽകിയ തുക | ഉപയോഗ പ്പെടുത്തേണ്ട ഇനം /നിരക്ക് | പ്രവൃത്തിയ്ക്ക് നൽകേണ്ട തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|
| തോടിന്റെ സൈഡ് കട്ട് ചെയ്യൽ | 127.65 X 699.60= 89,303.94 | 2.6.1 / 201.32 | 127.65 X 201.32= 25,698.49 | 63,605.45 |
| തോടിന്റെ ആഴം കൂട്ടൽ | 180.61 X 699.60= 1,26,354.75 | 2.6.1 / 201.32 | 180.61 X 201.32= 36,360.40 | 89,994.35 |

| | | | | |
|---|---|---|---|---|
| ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കൽ | 186.76 X 699.60= 1,30,657.29 | 2.8.1 / 279.32 | 186.76 X 279.32= 52,165.80 | 78,491.49 |
| | ആകെ | | | 2,32,091രൂപ |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/2022-23 തീയതി 8.12.2023) മറുപടി ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകിയതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2. മേൽ പ്രവൃത്തിയിൽ ബാക്കിയുള്ള ഇനങ്ങൾക്ക് DSRനു പകരം MORD ലുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനങ്ങളുടെ ഡാറ്റ പരിശോധിച്ചാൽ ഓവർഹെഡ് ചാർജ് 7.5% നു പകരം 10% നൽകിയിട്ടുണ്ടെന്ന് കാണാം. തോട് സംരക്ഷണ പ്രവൃത്തിയ്ക്ക് റോഡ് പ്രവൃത്തിയ്ക്ക് നൽകേണ്ട 10% ഓവർഹെഡ് ചാർജ് അനുവദിച്ചതിനാൽ താഴെ പറയും പ്രകാരമുള്ള അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| 1 | ആകെ പ്രവത്തി മൂല്യം | 27,29,607.59 |
| 2 | ഇനം6 ഒഴികെയുള്ള പ്രവൃത്തികൾക്ക് നൽകിയ തുക | 23,83,291.60 |
| 3 | കോസ്റ്റ് ഇൻഡക്സ് 36.44% ഒഴികെ ഉള്ള തുക | 17,46,768.98 |
| 4 | ഓവർഹെഡ് ചാർജ് 10% ഒഴികെ ഉള്ള തുക | 15,87,971.80 |
| 5 | (+) ഓവർഹെഡ് ചാർജ് 7.5% | 1,19,097.88 |
| 6 | ആകെ (4)+(5) | 17,07,069.68 |
| 7 | (+) കോസ്റ്റ് ഇൻഡക്സ് 36.44% | 6,22,056.19 |
| 8 | ആകെ നൽകേണ്ട തുക (6)+(7) | 23,29,125.87 |

അതായത് ഓവർഹെഡ് ചാർജായി 54,166രൂപ (23,83,291.60 – 23,29,125.87) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകിയതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം - തോടിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവൃത്തി ചെയ്യുതും മറ്റപാകതകളും

പാനവയൽ പേരുള്ളിത്തോട് സംരക്ഷണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി ഓരോ പദ്ധതികൾ വീതം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

എ). നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നം. - 30/23(സ്പിൽ ഓവർ), പാനവയൽ പേരുള്ളിത്തോട് പുനരുദ്ധാരണം – ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

അടങ്കൽ - 25,00,000, CFC(Tied Fund)(2021-22 വർഷ പ്രൊജക്ട് നം.68/22)

ചെലവ് തുക - 5,00,000, ബിൽ നം. 216/7.3.2022

- 11,09,919, ബിൽ നം. 23/30.6.2022

- 4,75,458, ബിൽ നം. 152/29.12.2022

- 68,813, ബിൽ നം. 209/28.2.2023

ആകെ – 21,54,190/-

കരാറുകാരൻ - ULCCS

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2022-23 ൽ നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം കോൺക്രീറ്റ് സൈഡ് കെട്ട്, തോടിന്റെ അടിവശം ക്വാറിമക്കിട്ടുയർത്തി കോൺക്രീറ്റ് ചെയ്യൽ, കലുങ്കുകൾ നിർമ്മിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ബി). നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 40/23, പാനവയൽ പേരുള്ളിത്തോട് രണ്ടാം ഘട്ടം

അടങ്കൽ - 3,50,127, CFC(Tied Fund)

ചെലവ് തുക - 1,74,271, ബിൽ നം. 244/16.3.2023

കരാറുകാരൻ - ULCCS

ക്രമ നം.(എ) പ്രകാരമുള്ള പദ്ധതിയുടെ തുടർച്ചയായി 2022-23 വർഷം തയ്യാറാക്കിയതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം കോൺക്രീറ്റ് സൈഡ് കെട്ട്, തോടിന്റെ അടിവശം ക്വാറിമക്കിട്ടുയർത്തി കോൺക്രീറ്റ് ചെയ്യൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ തോടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ തോടിന്റെ അടിഭാഗം മുഴുവൻ കോൺക്രീറ്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല. തോടിന്റെ അടിവശം ക്വാറിമക്കിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ചെയ്ത പ്രവൃത്തി | പ്രൊജക്ട് 30/23 പ്രകാരം പ്രവൃത്തി ചെയ്ത അളവ്/നൽകിയ തുക | പ്രൊജക്ട് 40/23 പ്രകാരം പ്രവൃത്തി ചെയ്ത അളവ്/നൽകിയ തുക |
|---|---|---|
| Filling With Quarry Muck | 55.342 X 854.75 = 47,303.57 | 3.858 X 854.74 = 3,297.59 |
| PCC GradeM10 Nominal Mix 1:3:6 | 35.378 X 7128.79 = 2,52,202.33 | 2.572 X 7128.80 = 18,335.27 |
| ആകെ | 2,99,506 | 21,633 |

തോടിന്റെ ആഴവും വീതിയും കൂട്ടി രണ്ട് ഭാഗവും കരിങ്കല്ല് കെട്ടി സംരക്ഷിക്കുന്നതിന് പകരം ഡ്രെയിനേജ് നിർമ്മിക്കുന്ന രീതിയിൽ രണ്ട് ഭാഗവും നിലവും കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ച് ഒരു തുള്ളി വെള്ളം പോലും ഭൂമിയിലേക്കിറങ്ങാത്ത രീതിയിൽ അശാസ്ത്രീയമായാണ് പ്രവൃത്തി നടത്തിയിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ച്, തോടിന്റെ സമീപത്ത് പ്രവർത്തിക്കുന്ന സുനിൽകുമാർ മെമ്മോറിയൽ സോഷ്യൽ സ്റ്റഡി സെന്റർ, ഒഞ്ചിയം എന്ന സ്ഥാപനം പരാതി നൽകിയിരുന്നു. വെള്ളം കൂടുതൽ തങ്ങി നിൽക്കാതെ ഒഴുകിപ്പോകാൻ വേണ്ടിയാണ് നിലം കോൺക്രീറ്റ് ചെയ്തത് എന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയത്. തോടിന്റെ നിലം കോൺക്രീറ്റ് ചെയ്യാനുള്ള ആവശ്യം ഉയർന്ന് വന്നത് എവിടെ നിന്നാണെന്ന് വ്യക്തമല്ല. മുകളിൽ വിവരിച്ച വിധം തോടിന്റെ അടിവശം കോൺക്രീറ്റ് ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/2022-23 തീയതി 8.12.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തിക്കായി ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു.

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം. 3 ആയി ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ഡി.ആർ. ഫൗണ്ടേഷൻ

ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഇനം 2.8.1 ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. ഐറ്റം 2.8.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ താഴെ കൊടുക്കും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | ചെയ്ത അളവ്/നൽകിയ തുക | ഉപയോഗപ്പെടുത്തേണ്ട ഇനം /നിരക്ക് | പ്രവൃത്തിയ്ക്ക് നൽകേണ്ട തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|
| 30/23 | 240.69 X 699.60 = 1,68,386.72 | 2.8.1 / 279.32 | 240.69 X 279.32 = 67229.53 | 1,01,157 |
| 40/23 | 18.296 X 699.60 = 12,799.88 | 2.8.1 / 279.32 | 18.296 X 279.32 = 5,110.40 | 7,689 |
| | | | ആകെ | 1,08,846 |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകുകയും ചെയ്തതിനാൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ അധിക ചെലവിൽ 1,01,157രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 7,689രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-3 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ തോട് സംരക്ഷണപ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിക്കായി ഉൾപ്പെടുത്തിയത് MORDലെ ഐറ്റം 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഇനം 2.8.1 ഉപയോഗിക്കാമെന്നിരിക്കേ മേൽ ഐറ്റം ഉപയോഗപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. ഐറ്റം 2.8.1 ഉപയോഗപ്പെടുത്താതിരുന്നതിനാൽ താഴെ കൊടുക്കും വിധം അധിക ചെലവ് ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | ചെയ്ത അളവ്/നൽകിയ തുക | പ്രവൃത്തിയ്ക്ക് നൽകേണ്ട തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|
| 1 | പ്രൊജക്റ്റ് നം. - 26/23,ചാത്തോത്ത് താഴെ ചെറുവങ്ങാട്ട് കുനി തോട് - ഒഞ്ചിയം പഞ്ചായത്ത് അടങ്കൽ - 5,00,000, വികസനഫണ്ട് (ജനറൽ) ചെലവ്തുക - 99782, ബിൽ നം. 195/22.2.22 245091, ബിൽ നം. 291/27.3.22 154073, ബിൽ നം. 65/16.9.22 കരാറുകാരൻ - ULCCS | 22.517 X 699.60= 15,752.89 | 22.517 X 279.32= 6289.44 | 9,463.45 |
| 2 | പ്രൊജക്റ്റ് നം. - 8/23,കാപ്പൊയിൽ പന്തയിൽ പൊയിൽ തോട് നിർമ്മാണം അടങ്കൽ - 10,00,000, CFC(Untied) ചെലവ്തുക - 437579, ബിൽ നം. 322/28.3.23 കരാറുകാരൻ - ULCCS | 54.50 X 699.60= 38,128.20 | 54.50 X 279.32= 15222.94 | 22,905.26 |
| | | ആകെ | | 32,369 |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/2022-23 തീയതി 8.12.2023) മറുപടി ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2. മേൽ പട്ടികയിലെ ക്രമനം.1 പ്രകാരമുള്ള പ്രവൃത്തിയിൽ തോടിന്റെ സൈഡ് കോൺക്രീറ്റ് ചെയ്യതിന് MORD ലെ ഇനം 11.4.2.1 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ ഓവർഹെഡ് ചാർജ് 7.5% ന പകരം 10% നൽകിയിട്ടുണ്ടെന്ന് കാണാം. തോട് സംരക്ഷണ പ്രവൃത്തിയ്ക്ക് റോഡ് പ്രവൃത്തിയ്ക്ക് നൽകേണ്ട 10% ഓവർഹെഡ് ചാർജ് അനുവദിച്ചതിനാൽ താഴെ പറയും പ്രകാരമുള്ള അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| 1 | ചെയ്ത അളവ്/നൽകിയ തുക | 40.30 X 6968.22 = 2,80,819.27 |
| 2 | കോസ്റ്റ് ഇൻഡക്സ് 36.44% ഒഴികെ ഉള്ള തുക | 2,05,818.87 |
| 3 | ഓവർഹെഡ് ചാർജ് 10% ഒഴികെ ഉള്ള തുക | 1,87,108.06 |
| 4 | (+) ഓവർഹെഡ് ചാർജ് 7.5% | 14,033.10 |
| 5 | ആകെ (3)+(4) | 2,01,141.16 |
| 6 | (+) കോസ്റ്റ് ഇൻഡക്സ് 36.44% | 73,295.83 |
| 7 | ആകെ നൽകേണ്ട തുക (5)+(6) | 2,74,436.99 |

അതായത് ഓവർഹെഡ് ചാർജായി 6,382രൂപ (2,80,819.27 – 2,74,436.99) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 04.12.2023 മുതൽ 11.12.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1,40,000 | പി.എം.എ.വൈ ഭവനപദ്ധതി (പൊതു വിഭാഗം) | 1,40,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1,40,000 | പി.എം.എ.വൈ ഭവനപദ്ധതി (പട്ടിക ജാതി) | 1,40,000 | 0 |
| ആകെ | | 2,80,000 | ആകെ | 2,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,41,686 | കമ്മ്യൂണിറ്റി | 2,41,686 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററിലെ സ്റ്റാഫിന് വേതനം നൽകൽ | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,90,000 | പി.എം.എ.വൈ ഭവനപദ്ധതി (പൊതു വിഭാഗം) | 4,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,96,000 | പി.എം.എ.വൈ ഭവനപദ്ധതി (പട്ടിക ജാതി) | 1,96,000 | 0 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2022-23 | 32,20,937 | മാമ്പള്ളി താഴെ തോട് സംരക്ഷണം – നഗരസഞ്ചയം | 32,20,937 | 0 |
| ആകെ | | 41,48,623 | ആകെ | 41,48,623 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്ക്സ് |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | 3.11.2.1.122 | സാനിറ്ററി മാർട്ട് തുടങ്ങിയില്ല | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-3 | 2005-06(പൊതു പരാമർശം) | 2.70.4.10.71 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |
| 2003-04 | 3-4 | 2005-06 (പൊതു പരാമർശം) | 2.70.4.10.71 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | ചെറുകിട വ്യവസായം- അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | പരാമർശം തുടരുന്നു |
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | തൊഴിൽ പരിശീലന പദ്ധതികൾ | പരാമർശം തുടരുന്നു |
| 2017-18 | 3-2 | 2018-19 | | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതല നിർവ്വഹണത്തിലെ വീഴ്ചകൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,55,88,599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,28,22,897 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,33,854 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,91,669 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1) | - | 2,32,091 | ശ്രീമതി. വിജുമോൾ. ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1(2) | - | 54,166 | ശ്രീമതി. വിജുമോൾ. ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2(2) | - | 1,01,157 | ശ്രീമതി. വിജുമോൾ. ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 7,689 | ശ്രീമതി. അശ്വതി ശ്രീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3(1) | - | 32,369 | ശ്രീമതി. അശ്വതി ശ്രീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-3(2) | | 6,382 | ശ്രീമതി. അശ്വതി ശ്രീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 4,33,854 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-12 | 3,29,530 | 2,41,960 | ശ്രീമതി. സുമ. സി.എസ്, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ |
| | | 87,570 | ശ്രീമതി. പുഷ്പ ലത. പി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ |
| 1-17 | 31,000 | ശ്രീ. പുരുഷോത്തമൻ. പി.കെ, സെക്രട്ടറി | |
| 3-2(1) | 2,99,506 | ശ്രീമതി. വിജ്ജമോൾ. ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | |
| 3-2(1) | 21,633 | ശ്രീമതി. അശ്വതി ശ്രീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | |
| ആകെ | 5,91,669 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിജ്ജമോൾ. ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ചീഫ് എഞ്ചിനീയർസ് ഓഫീസ്, തിരുവന്തപുരം | ബത്‌ലഹേം, ചെമ്പകശ്ശേരി നഗർ, കേശവദാസപുരം, പട്ടം, തിരുവന്തപുരം |
| ശ്രീമതി. അശ്വതി ശ്രീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ എസ് ജി ഡി, മേലടി ബ്ലോക്ക് പഞ്ചായത്ത് | ചെറുവാത്ത് മീത്തൽ ഹൌസ്, മേപ്പയ്യൂർ പോസ്റ്റ്, മേപ്പയ്യൂർ – 673524 |
| ശ്രീ. പുരുഷോത്തമൻ. പി.കെ, | സെക്രട്ടറി (വിരമിച്ചു) | പുളിയ കണ്ടിയിൽ, തിക്കോടി (പി.ഒ), |

| | | |
|---|---|---|
| സെക്രട്ടറി | | മേലടി – 673529 |
| ശ്രീമതി. സുമ. സി.എസ്, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (വിരമിച്ചു) | സുധാ മഠം, കുഴിമറ്റം (പി.ഒ), പനച്ചിക്കാട്ട്, കോട്ടയം – 686533 |
| ശ്രീമതി. പുഷ്പ ലത. പി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (വിരമിച്ചു) | അപൂർവ്, ചോമ്പാല (പി.ഒ), 673308 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(2) തീയതി 26.5.2018 | 1 | 8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(3) തീയതി 26.5.2018 | 4 | 1(3), 1(4), 3(3), 3(4), |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(5) തീയതി 26.5.2018 | 1 | 3(2) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(10) തീയതി 26.5.2018 | 2 | 3-3, 3-7(3) |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.8/63 /2022(1) തീയതി-19.05.2022 | 1 | 3-5 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(12) തീയതി 26.5.2018 | 4 | 3-1, 3-2(4), 3-7, 3-8 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.8/63 /2022(3) തീയതി-19.05.2022 | 3 | 3-1 3-10, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.8/63/ 2022(3) തീയതി-19.05.2022 | 5 | 3-1(1),3-2, 3-6, 3-8, 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 686/2022 തീയതി-19.05.2022 | 4 | 1-15,1-18,1-20,1-21 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 532/2022 തീയതി-26.03.2022 | 19 | 1-1,1-2,1-3,1-4,1-5, 1-6,1-7,1-8,1-9, |

| | | | |
|---|---|---|---|
| | | | 1-10,1-11,1-12,1-13,<br>1-14,1-15,1-16,1-17,<br>1-18,1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.8/<br>984/2022 തീയതി-01.07.2023 | 17 | 1-1,1-2-1,1-4-1,1-5,<br>1-6,1-7,1-8,1-9,<br>1-10,1-11,1-12,1-13,<br>1-14,1-15,1-16,1-17,<br>1-18 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി.8/<br>393/2023 തീയതി-28.03.2023 | 25 | 1-1 മുതൽ 1-24<br>വരെ, 4-11 |

**ജോയിന്റ് ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 06-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vadakara Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadakara Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vadakara Block Panchayat for the Year 2022-2023 .

**1.Major Observations**

1. Payment voucher mis-classification.

**2.Other Observations**

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.
b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3. Grant liability amount shown as liability in Balance sheet does not match with ACR.

4. Deposit Register and Rent Register are not maintained.

5. Asset Register and Advance Register are not updated.

6. Not providing adequate provision for doubtfull debts.

7. Appropriation Control Register for Suchitwa Mission grant, MPLAD and Nirmal Puraskar is not maintained.

8. Monthly Bank Reconiliation statement not prepared.

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്